നം.കെ.എസ്.എ.-കെ.ടി.എം.പി10/1439/2018 തീയതി : 14.08.2018

# കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.07.2017 മുതൽ 30.06.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.08.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2018 മുതൽ 19.08.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.കെ.ആലിച്ചൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി മിനി മോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.ബേബി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി സാലി ജയചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.വില്യം കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.അരുൺകുമാർ എൻ. | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സലിം കെ. എച്ച്. | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീ.അൻസു ഒ.എ. | 01.08.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഡെൽഫിന ജോർജ്ജ് | 01.04.2017 മുതൽ 26.10.2017 വരെ |
| | ശ്രീ.സുബാഷ് എസ്.എസ്. | 27.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി സോജ എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ.അമ്പിളി ടോം | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.സജിത്ത് കെ.എബ്രഹാം | 01.04.2017 മുതൽ 26.07.2017 വരെ |
| | ശ്രീ.ബിജു റ്റി.എസ്. | 27.07.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി ദീപ മോഹനൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ത്രേസ്യാമ്മ എം. എൽ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി സിന്ധു കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി അന്ന ജി. വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | രേവതിക്കുട്ടി കെ.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം

| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി |
| 2-2 | തനതുഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച് |
| 2-3 | പിഒഎസ് മെഷീൻ ഉപയോഗിച്ച് രസീത് ചെയ്യുന്ന തുകകൾക്ക് ബാങ്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നു. പഞ്ചായത്തിന് വരുമാന നഷ്ടം |
| 2-4 | വസ്തുനികുതി |
| 2-5 | തൊഴിൽനികുതി--അപാകതകൾ |
| 2-6 | ഡി&ഒ ലൈസൻസ്--അപാകതകൾ |
| 2-7 | ക്രമവത്കരണം--ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-8 | ഇ-ടെണ്ടർ--ടെണ്ടർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി |
| 3-2 | ഇ-ടെണ്ടർ--വാറ്റ് തുക സർക്കാരിലേക്കടവാക്കിയിട്ടില്ല |

| | |
|---|---|
| 3-3 | ക്ഷീരോത്പാദന സബ്സിഡി--ഗ്രാമസഭാലിസ്റ്റിലില്ലാത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ച് നൽകി |
| 3-4 | പാടശേഖരസമിതികൾക്ക് പെട്ടി പറ വാങ്ങി നൽകൽ--സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി |
| 3-6-1 | അങ്കണവാടി കെട്ടിടനിർമ്മാണം--വിനിയോഗ വിവരം ലഭ്യമല്ല. ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6-2 | അങ്കണവാടികളുടെ ഭൗതികസാഹചര്യം |
| 3-7 | ആശ്രയപദ്ധതി ഫണ്ട്--വിനിയോഗം ഫലപ്രദമല്ല |
| 3-8 | ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി--അവലോകനം |
| 3-9 | ആയുർവേദ മരുന്ന് വാങ്ങൽ--മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | നിക്ഷേപപ്രവൃത്തികൾ--വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 3-12 | ജലനിധി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | |
|---|---|
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 29.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 4,43,47,549.65 | 3,85,68,780.45 | | 57,78,769.20 | (-)13 |
| വരവ് | 19,04,75,000 | 104005119 | | 8,64,69,881 | (-)45 |
| ആകെ | 23,48,22,549.65 | 142573899.45 | | 9,22,48,650.15 | (-)39 |
| ചെലവ് | 22,29,63,000 | 125613608 | | 9,73,49,392 | (-)43.66 |
| നീക്കിയിരിപ്പ് | 1,18,59,549.65 | 16960291.45 | | 51,00,741.80 | (-)67.58 |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുടെ ഇരട്ടി തുകയിലും അധികമായി വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 12.06.2018 ലെ A0-101/AFS 2017-18 നം. കത്ത് പ്രകാരം 05.07.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും ഓഡിറ്റ് റിപ്പോർട്ടിനൊപ്പം പുറപ്പെടുവിക്കുന്നു. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12ലും ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,85,68,780.45 |
| വരവ് | 10,40,05,119 |
| ആകെ | 14,25,73,899.45 |
| ചെലവ് | 12,56,13,608 |
| നീക്കിയിരിപ്പ് | 1,69,60,291.45 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,66,50,273 | 1,66,50,273 | 1,66,50,273 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 32,72,468 | 32,72,468 | 32,72,468 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,70,930 | 1,70,930 | 1,70,930 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 70,17,697 | 70,17,697 | 70,17,697 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 39,88,342 | 39,88,342 | 39,88,342 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 69,89,127 | 69,89,127 | 69,89,127 | 0 |
| പെർഫോമൻസ് ഗ്രാന്റ്(KLGSDP) | 0 | 14,78,554 | 14,78,554 | 14,78,554 | 0 |
| ജനറൽ പർപ്പസ് ഫണ്ട്(TSB) | 1,21,04,484 | 1,06,02,860 | 2,27,07,344 | 2,70,46,517 | (-)4339173 |
| സാക്ഷരത ഫണ്ട് | 9,874 | 398 | 10,272 | 0 | 10272 |
| ദുരിതാശ്വാസ നിധി | 5,109 | 47,108 | 52,217 | 27,450 | 24767 |
| MGNREGS | 23,382 | 2,99,89,590 | 3,00,12,972 | 2,99,03,569 | 109403 |
| സംയുക്ത | 0 | 1,13,06,600 | 1,13,06,600 | 1,09,43,623 | 362977 |

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട്(TSB)(**) | | | | | |
| ബി-ഫണ്ട് | 0 | 5,53,48,300 | 5,53,48,300 | 5,53,48,300 | 0 |
| തനത് ഫണ്ട് | 83,69,631.45 | 1,05,73,839 | 1,89,43,470.45 | 1,33,69,378 | 5574092.45 |
| ക്യാഷ്(തനത് ഫണ്ട്) | 1,95,464 | 1,52,481 | 3,47,945 | 1,95,464 | 152481 |

(**) ബ്ലോക്ക് വിഹിതമായി ലഭിച്ച 2,14,650/- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 377 | 213 | 0 | 163 | 57.32 |

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം,ലഭ്യമായ ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയവ | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | പ്രോജക്ടുകൾക്കായുള്ള ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 5 | 1,14,81,190/-- | 72,12,410/- | 62.81 |
| വെറ്ററിനറി സർജൻ | 7 | 7 | 31,36,000/- | 21,98,500/- | 70.1 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 10 | 5 | 17,23,000/- | 10,85,015/- | 62.97 |
| വി.ഇ.ഒ. | 22 | 12 | 2,19,13,378/- | 60,09,876/- | 27.42 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 10 | 59,40,760 | 46,58,346/- | 78.41 |
| സെക്രട്ടറി | 64 | 34 | 2,62,83678 | 99,62,406/- | 37.90 |
| അസിസ്റ്റന്റ് എൻജിനീയർ | 213 | 115 | 5,17,17,871/- | 2,06,97,258 | 40 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 6,00,000 | 6,00,000 | 100 |
| ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ | 17 | 11 | 25,04,544 | 14,59,839/- | 58.28 |
| അസിസ്റ്റന്റ് സെക്രട്ടറി | 19 | 13 | 1,26,02,420 | 1465879/- | 11.63 |
| ആകെ | 377 | 213 | 13,79,02,841 | 5,53,49,529 | 40.1% |

പദ്ധതി രൂപീകരണം

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രഥമയോഗം 2017 ഫെബ്രുവരി മാസത്തിലെ വിവിധ തീയതികളിൽ ചേരുകയും കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 2017 മാർച്ച് 18 മുതൽ 26 വരെയുള്ള വിവിധ തീയതികളിൽ ചേർന്നു. എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ വളരെ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നുവെന്നും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി നിർദ്ദേശങ്ങൾ സമഗ്രമായി ചർച്ചകൾക്ക് വിധേയമാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ ബോധ്യമായിട്ടുണ്ട്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 23.2.17, 6.6.17, 22.1.18, 1.3.18 എന്നീ തീയതികളിൽ ഊരുകൂട്ട യോഗവും 1.3.18-ൽത്തന്നെ വികലാംഗ ഗ്രാമസഭയും നടക്കുകയുണ്ടായി. ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 27.4.2017-ൽ കൂടിയ വികസനസെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 4.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (തീരുമാനം നം-6 ).

പദ്ധതി അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2018ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 1,37,902,841/-/-രൂപ വകയിരുത്തിയതിൽ 5,53,49,529/-രൂപ മാത്രമേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 377 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 85 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 213 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 13,79,02,841/- രൂപ വകയിരുത്തിയതിൽ 5,53,49,529/-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. വാർഷികപദ്ധതിച്ചെലവ് കേവലം 40%മാണ്.

*കാർഷികഗ്രാമമായ അയ്മനം പഞ്ചായത്ത് ഈ മേഖലയിൽ പാടശേഖരങ്ങളുടെ അടിസ്ഥാനവികസനം ലക്ഷ്യമാക്കി വിവിധ പാടശേഖരങ്ങളിൽ പെട്ടിയും പറയും സ്ഥാപിക്കുന്നതിനായി ഏകദേശം അര കോടിയോളം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്ക്കരിച്ചു.

*മോട്ടോർപുര നിർമ്മിക്കൽ, വെർട്ടിക്കൽപ്രൊപ്പല്ലർ പമ്പ് സ്ഥാപിക്കൽ, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, നെൽക്കൃഷിയും പച്ചക്കറിക്കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിങ്ങനെ കാർഷികവികസനത്തിനായി ആവിഷ്ക്കരിച്ച പ്രോജക്ടുകളെല്ലാം നടപ്പാക്കി.

* വർഷങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൃഷിഭവന് സ്വന്തമായി പുതിയ കെട്ടിടം പണികഴിപ്പിച്ചതും വിജിലൻസ് കേസ് മൂലം പണിമുടങ്ങിക്കിടന്നിരുന്ന പി.എച്ച്.സി കെട്ടിടത്തിന്റെ കേസ് തീർപ്പാക്കി കെട്ടിടംപണി പൂർത്തീകരിക്കുന്നതിന് സാധിച്ചതും കഴിഞ്ഞ പദ്ധതിക്കാലയളവിൽ പണികഴിപ്പിച്ച പുതിയ ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതും 2017-18 പദ്ധതിക്കാലത്ത് പശ്ചാത്തലമേഖലയിലുണ്ടായ എടുത്തുപറയത്തക്ക നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു.

* പ്ലാസ്റ്റിക് നിർമ്മാർജ്ജനവും പ്രകൃതിരക്ഷയും ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ചതും വിജയകരമായി നടപ്പാക്കാനായതുമായ തുണിസഞ്ചിനിർമ്മാണം എന്ന പ്രോജക്ട് 2017-18 വാർഷികപദ്ധതിയിലെ ശ്രദ്ധേയമായ ഒരു നൂതനപ്രോജക്ടാണ്.

*അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 17,40,000/-രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുമുണ്ട്.

കോട്ടങ്ങൾ

* വാർഷികപദ്ധതിക്കായി വിവിധ വിഭവസ്രോതസ്സുകളിൽ നിന്ന് ആകെ 13.79 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 5.53 കോടി രൂപ മാത്രമേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ.

*നാല് പാടശേഖരങ്ങൾക്ക് പെട്ടിയുംപറയും വാങ്ങി സ്ഥാപിക്കുന്നതിനായി 46,43,851/- രൂപ റെയിഡ്ക്കോയ്ക്ക് നൽകിയെങ്കിലും ഒരു പാടശേഖരത്തിൽ മാത്രമേ പെട്ടിയുംപറയും സ്ഥാപിച്ചിട്ടുള്ളൂ.

*മാലിന്യനിർമ്മാർജ്ജനം/സംസ്കരണവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച 6 പ്രോജക്ടുകൾക്കും അംഗീകാരം ലഭിച്ചെങ്കിലും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി ജലനിധിക്ക് വിഹിതം കൈമാറിയ ഒരുപ്രോജക്ടിനുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് പൂർത്തീകരിച്ചിട്ടുമില്ല.

* പൊതുജനങ്ങൾക്ക് വളരെ പ്രയോജനപ്പെടുമായിരുന്നതും വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി 7.11.17ൽ കൂടിയ യോഗത്തിൽ നിർദ്ദേശിച്ചിരുന്നതുമായ അയ്മനംകവലയിൽ വെയിറ്റിംഗ് ഷെഡ്നിർമ്മാണം എന്ന പ്രോജക്ട് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയില്ല.

2017-18-ൽ തുടക്കമിട്ട മാതൃകാപരമായ നൂതനപദ്ധതികൾ

വിശപ്പുരഹിത പഞ്ചായത്ത്

2017-18-ൽ മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന പല നൂതന പദ്ധതിപ്രവർത്തനങ്ങൾക്കും ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ചു. കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിച്ചിട്ടുള്ള കാന്റീന്റെ പ്രവർത്തനം ഇത്തരത്തിൽ ശ്രദ്ധേയമായ ഒരു പദ്ധതിയാണ്. പണമില്ലാത്തവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് 25/-, 40/-രൂപ നിരക്കിലും ഭക്ഷണം നൽകുകവഴി പഞ്ചായത്തിലെത്തുന്ന പാവപ്പെട്ട ഏതൊരാളുടേയും വിശപ്പകറ്റാനും തൊഴിലില്ലാത്ത ഒരുകൂട്ടം വനിതകൾക്ക് വരുമാനമാർഗ്ഗമാകുന്നതിലും കുടുംബശ്രീയുടെയും സന്നദ്ധസംഘടനകളുടെയും സന്മനസുള്ളവരുടെയും സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള ഈ സംരംഭം മുഖേന സാധിക്കുന്നു. സൗജന്യമായി ഭക്ഷണം ലഭിക്കുന്നതിന് ടോക്കൺസൗകര്യവും പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടമായി ഗ്രാമപഞ്ചായത്തിലെ അനാഥരും അവശത അനുഭവിക്കുന്നവരുമായ ആളുകൾക്ക് ഭവനങ്ങളിൽ ഭക്ഷണം എത്തിച്ചുനൽകുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.







സമ്പൂർണ്ണ ഡിജിറ്റൽ പഞ്ചായത്ത് പദ്ധതി

ഏതൊരാൾക്കും ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും ലോകത്തിലെവിടെയിരുന്നും അറിയുവാൻ ടോഗിൾ ടെക്നോളജീസ് എന്ന സ്റ്റാർട്ട് അപ് സംരംഭം വികസിപ്പിച്ചെടുത്ത 'സ്മാർട്ട് പഞ്ചായത്ത് മൊബൈൽ ആപ്പ്' എന്ന സോഫ്റ്റ്‌വെയർ സഹായിക്കുന്നു. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യകതകളും മുൻകൂട്ടി അറിഞ്ഞ് ആവശ്യകതകൾക്കനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യുക എന്ന വികസനലക്ഷ്യം മുൻനിർത്തി പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാനുള്ള പ്രാരംഭനടപടികൾ പൂർത്തീകരിച്ചു. ഇതിന്റെ ഭാഗമായി എല്ലാ ആളുകളുടെയും തൊഴിൽപരം, ആരോഗ്യപരം

അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം ഉൾപ്പെടെ വിശദമായ ഡേറ്റാബേസ് തയ്യാറാക്കുന്നതിനായി 12 പേജുകളുള്ള വിശദമായ ഫോറങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. പ്രാഥമിക വിവരങ്ങളായ പേര്, കെട്ടിട നമ്പർ, റേഷൻകാർഡ് നമ്പർ, പ്രസ്തുത വീടിന്റെ ഫോട്ടോ എന്നിവയും വിവിധ അന്വേഷണങ്ങൾക്കും മറ്റുമായി ഉദ്യോഗസ്ഥർക്ക് വീട് സന്ദർശിക്കുന്നതിന് ലൊക്കേഷൻ ജിയോടാഗിംഗ് ഉൾപ്പെടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ സൗകര്യവും ഈ സോഫ്റ്റ്‌വെയർ നൽകുന്നു. ചോദ്യാവലി എന്റർ ചെയ്യുന്നതിനും ഓരോ വാർഡിലേയും മെമ്പർമാർക്ക് അവരവരുടെ വാർഡിലേയും, പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻമാർ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവർക്ക് പഞ്ചായത്തിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുന്ന റിപ്പോർട്ടുകൾ ലഭിക്കുന്ന വിധത്തിലാണ് സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ചുരുക്കത്തിൽ പൊതുജനങ്ങൾക്ക് നൽകേണ്ട അറിയിപ്പുകൾ, ഗ്രാമസഭാവിവരങ്ങൾ, തൊഴിലുറപ്പുവിവരങ്ങൾ, മറ്റ് സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിങ്ങനെ പഞ്ചായത്തിൽനിന്നും പൊതുജനങ്ങൾ അറിയേണ്ട എല്ലാ വിവരങ്ങളും ഈ ആപ്പിൽ ലഭിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്ക് പഞ്ചായത്തിനെ അറിയിക്കേണ്ട വിവരങ്ങൾ അറിയിക്കുന്നതിനും ഇതുമുഖേന സാധ്യമാകുന്നു. ഈ മൊബൈൽ ആപ്പിലൂടെയുള്ള പരസ്യത്തിന് സ്ഥാപനങ്ങൾ നൽകുന്ന പ്രതിഫലമല്ലാതെ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ ചെലവൊന്നും വരുന്നില്ല എന്നതും എടുത്തുപറയേണ്ട പ്രത്യേകതയാണ്.

അയ്മനം-കായൽ-കനാൽ ടൂറിസംപദ്ധതി

പഞ്ചായത്തിന്റെ 20-ാം വാർഡിൽ ചീപ്പുങ്കൽ ഭാഗത്ത് ഏകദേശം 1.5 കി.മീ. കായൽതീരം നിലവിലുള്ളത് സംരക്ഷിച്ച് പൊതുജനങ്ങൾക്ക് കായൽ സൗന്ദര്യം ആസ്വദിക്കുന്നതിനായി പഞ്ചായത്ത് വഴിയോട് ചേർന്ന് വാക്ക് വേ, സൈക്ലിംഗ് പാത്ത്, എന്നിവയും ഇറിഗേഷൻ വകുപ്പ് വക ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലം ബോട്ടിംഗ്, കഫ്റ്റീരിയ, പാർക്ക് മുതലായവയും കായൽ സൗന്ദര്യം ആസ്വദിക്കുന്നതിനായി കായലിനു നടുവിൽ പ്രത്യേക സംവിധാനങ്ങളും ഒരുക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ ചീപ്പുങ്കൽ മുതൽ അയ്മനം, കരീമഠം വഴി പുത്തൻതോട് വരെയുള്ള കൈത്തോടുകൾ വൃത്തിയാക്കി വശങ്ങളിൽ സോളാർലൈറ്റുകൾ സ്ഥാപിച്ച് വിനോദസഞ്ചാരികൾക്ക് ശിക്കാരി വള്ളത്തിൽ രാത്രിയും പകലും ഒരുപോലെ പ്രകൃതിസൗന്ദര്യം ആസ്വദിച്ച് സഞ്ചരിക്കാവുന്ന രീതിയിൽ നവീകരിക്കുന്നതിനും ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് 50 കോടി രൂപയുടെ പദ്ധതി പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ഉത്തരവാദിത്വ ടൂറിസം മിഷൻ കോർഡിനേറ്റർ രൂപേഷ്കുമാറിന്റെ നേതൃത്വത്തിൽ ടൂറിസംഗ്രാമസഭ ചേരുകയും പദ്ധതികൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 23,382 | 10,14,172 | 10,37,554 | 9,28,151 | 109403 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,89,75,418 | 2,89,75,418 | 2,89,75,418 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവുചെലവ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് വാർഷിക ധനകാര്യപത്രികയുടെ വിശേഷണമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആകെ 130 അപേക്ഷകരിലുള്ളതിൽ 130 പേർക്കും തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. 1346 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചതിൽ 103 കുടുംബങ്ങൾക്ക് 100 തൊഴിൽദിനം ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, തോടുകൾക്ക് ആഴം കൂട്ടൽ എന്നിവയാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടത്തിയ പ്രധാന പ്രവൃത്തി ഇനങ്ങൾ.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34,200 | 20 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,56,39,600 | 1530 |
| വിധവാപെൻഷൻ | 1,03,76,700 | 1038 |
| വാർദ്ധക്യകാലപെൻഷൻ | 2,87,33,700 | 2456 |
| വികലാംഗപെൻഷൻ | 44,12,300 | 456 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 5,64,100 | 60 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 ക്യാഷ് പരിശോധന

അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2018 തീയതിയിൽ 3:30 പി.എം.-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 17,918/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാനുവൽ ഭാഗം 1 അനുബന്ധം ബി അടിസ്ഥാനമാക്കി വിവിധ മേഖലകളിൽ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത പരിശോധിച്ചു. വ്യക്തവും കൃത്യവുമായ ഓഫീസ് ഉത്തരവുകൾ പ്രകാരം എല്ലാ ജീവനക്കാർക്കും ജോലികൾ നിർണ്ണയിച്ച് നൽകുന്നതിലും പ്രവർത്തന പുരോഗതി വിലയിരുത്തി പരിഹാരനടപടികൾ സ്വീകരിക്കുന്നതിലും ശ്രദ്ധ പുലർത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് രേഖപ്പെടുത്തിയിട്ടില്ല.

പൊതുഭരണവും ധനകാര്യവും

പൊതുഭരണത്തിലും ജനസേവനപ്രവർത്തനങ്ങളിലും മികവുറ്റ ആഭ്യന്തരനിയന്ത്രണ സംവിധാനം

കുറ്റമറ്റ രീതിയിലും സമയബന്ധിതമായും സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഏതൊരു ജനാധിപത്യഭരണസംവിധാനത്തിന്റെയും പ്രാഥമിക കർത്തവ്യം. കാര്യക്ഷമവും സുതാര്യവുമായ മികച്ച സേവനങ്ങൾ ജനങ്ങൾക്കു ലഭ്യമാക്കുന്നതിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തിൽ സജ്ജമാക്കിയിട്ടുള്ള ചുവടെ വിവരിക്കുന്ന ക്രമീകരണങ്ങൾ അഭിനന്ദനാർഹമാണ്.

എ)ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം

ജനങ്ങളുടെ സൗകര്യത്തിനായി എല്ലാ ദിവസവും രാവിലെ ഒൻപതുമണിമുതൽ ഫ്രണ്ട് ഓഫീസ് തുറന്നുപ്രവർത്തിക്കുന്നു. സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ്, ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഫോൺനമ്പർ, സേവനലഭ്യതയുമായി ബന്ധപ്പെട്ട് അപേക്ഷകന് എന്തെങ്കിലും പരാതിയുള്ളപക്ഷം പരാതി അറിയിക്കുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ, വിജിലൻസ് എന്നിവരുടെ ഫോൺനമ്പരും ചെക്ക് ലിസ്റ്റിന്റെ പിൻഭാഗത്ത് നൽകുന്നു. ഇതോടൊപ്പം സേവനങ്ങൾക്കായി ബന്ധപ്പെടേണ്ടിവന്ന ഉദ്യോഗസ്ഥരുടെ പെരുമാറ്റവും നിലപാടുകളും ഉൾപ്പെടെ അപേക്ഷകൻതന്നെ മാർക്കിട്ട് വിലയിരുത്തുന്ന ഫീഡ്ബാക്ക്ഫോറങ്ങൾ ആഴ്ചയിലൊരുദിവസം വിശകലനം ചെയ്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പരാതികളും നിർദ്ദേശങ്ങളും ചർച്ചചെയ്ത് പരിഹാരനടപടികൾ സ്വീകരിക്കുന്ന രീതിയും ഗ്രാമപഞ്ചായത്ത് നൽകുന്ന മികച്ച സേവനത്തിന്റെ പ്രത്യേകതയാണ്.



കുടുംബശ്രീ ഹെൽപ്പ്ഡസ്ക്ക്

സാധാരണക്കാരായ ജനങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങൾക്കും ഇതര ആവശ്യങ്ങൾക്കുമായി പഞ്ചായത്തിൽ അപേക്ഷ നൽകുന്നതിന് പുറത്ത് വലിയ തുക മുടക്കേണ്ടി വരുന്ന സാഹചര്യം തിരിച്ചറിഞ്ഞ് ആയത് ഒഴിവാക്കുന്നതിന് കുടുംബശ്രീഗ്രൂപ്പ് തൊഴിൽസംരംഭമായി ആരംഭിച്ച ഹെൽപ്പ്ഡസ്കിന്റെ പ്രവർത്തനവും ശ്ലാഘനീയമാണ്. പഞ്ചായത്തിൽ വരുന്ന ഒരു പൗരന് വേണ്ട എല്ലാ സഹായങ്ങളും നൽകുന്നതിനായി പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിനോട് ചേർന്ന് ഹെൽപ്പ് ഡസ്ക്ക്- സ്നാക്ക് ബാർ പ്രവർത്തിക്കുന്നു. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നിരക്കിലുള്ള പച്ചക്കറിവിത്ത് സൗജന്യമായും ഇവിടെനിന്നും നൽകിവരുന്നു. ഇക്കാര്യത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന് പഞ്ചായത്തിലെ എല്ലാ സേവനങ്ങളുടെയും നിരക്കുകൾ പ്രദർശിപ്പിച്ച ബോർഡ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.



മാതൃകാപരമായ ഫയൽ സൂക്ഷിപ്പ്

ഓരോ ഫയലിന്റെയും ഉള്ളടക്കം, സ്ഥാനം, ബോക്സ് നമ്പർ എന്നിവ വളരെ പെട്ടെന്ന് തിരിച്ചറിയുന്ന തരത്തിൽ കാലയളവ് തിരിച്ച് നന്നായി ക്രമീകരിച്ചാണ് ഗ്രാമപഞ്ചായത്തിലെ റിക്കാർഡ് റൂം സജ്ജീകരിച്ചിട്ടുള്ളത്. മാത്രമല്ല പ്രസ്തുത വിവരങ്ങളെല്ലാം തന്നെ കമ്പ്യൂട്ടറിലും സൂക്ഷിച്ചിട്ടുണ്ട്.

സ്മാർട്ട് പഞ്ചായത്ത്-മൊബൈൽ ആപ്പ്

പഞ്ചായത്ത് സംബന്ധിച്ച പൊതുജനങ്ങൾക്കുള്ള അറിയിപ്പുകൾ, ഗ്രാമസഭാവിവരങ്ങൾ, തൊഴിലുറപ്പുവിവരങ്ങൾ, സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിങ്ങനെ പൊതുജനങ്ങൾക്ക് ഒരു പഞ്ചായത്തിനെ സംബന്ധിച്ച് അറിയേണ്ട എല്ലാ വിവരങ്ങളും ഈ ആപ്പിൽ ലഭിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്ക് പഞ്ചായത്തിനെ അറിയിക്കേണ്ട വിവരങ്ങൾ അറിയിക്കുന്നതിനും ഇതുമുഖേന സാധ്യമാകുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.06.2018-18.06.2018 | 01.05.2018-31.05.2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.12.2014-15.01.2015 | 2009-10 - 2013-14 | LBA(HQ)-I1/84.2238/341 Dated-04.03.2015 |

## 1-12 വാർഷികകണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (എം.എസ്)152/2011/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവൻ സാധിച്ചിട്ടില്ല.
3. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കി ആയതിന്റെ മൂല്യം കാണിക്കുന്ന ശീർഷകത്തിൽ നാളിതുവരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല.
4. അയ്മനം വില്ലേജ് സർവ്വീസ് സഹകരണബാങ്കിലെ തനത് ഫണ്ട് (അക്കൗണ്ട് നം.1174), ദുരിതാശ്വാസനിധി (അക്കൗണ്ട് നം.7791) അക്കൗണ്ടുകളിൽ നിന്നും നൽകിയതും കാലഹരണപ്പെട്ടതുമായ വിവിധ ചെക്കുകൾ പണമാക്കാത്ത ചെക്കായിട്ടാണ് പൊരുത്തപ്പെടുത്തൽ പത്രികയിൽ ചേർത്തിട്ടുള്ളത്. ആയത് 'Liability in respect of Stale Cheque' എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
5. എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്കനുസരിച്ച് തൻ വർഷം 215191 രൂപയുടെ പാർട്ട് ബില്ലാണ് നൽകിയിട്ടുള്ളത്. എന്നാൽ ബി 11(a) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുള്ളത് 49,00,601 രൂപയാണ്.
6. ദുരിതാശ്വാസനിധിയുടെ തൻവർഷത്ത യഥാർത്ഥ നീക്കിയിരിപ്പ് തുക 24,767 രൂപയാണ്. എന്നാൽ ബി2 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടുള്ളത് 25,217 രൂപയായാണ്.
7. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമായതിനാൽ ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
8. അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമായതിനാൽ ബി 18 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. തൻ വർഷം കെ.എസ്.ഇ.ബി.യ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ബി18 ഷെഡ്യൂളിൽ പ്രസ്തുത ശീർഷകത്തിൽ 2016-17 വർഷത്തെ തുകതന്നെയാണ് (88,19,763)ഈ വർഷവും നിലനിൽക്കുന്നത്. വാട്ടർ അതോറിറ്റിയിൽ തൻവർഷം 2,90,000 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകയും ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
9. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻ വർഷം ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലെ ആകെ വരവ് 14,04,440 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുകയിൽ 17,503 രൂപ അധികമായി അക്കൗണ്ട് ചെയ്തതിനാൽ തൊഴിൽ നികുതിയിനത്തിലെ ആകെ വരവ് വാർഷികകണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
10. ട്രേഡേഴ്സ് തൊഴിൽ നികുതിയുടെ യഥാർത്ഥത്തിലുള്ള ഡിമാന്റും, കളക്ഷൻ തുകയും 2,67,040 രൂപയാണ്. എന്നാൽ RP 43 ഷെഡ്യൂളിൽ പ്രസ്തുത ഇനത്തിലെ തൻവർഷ വരവായി ഉൾപ്പെടുത്തിയിട്ടുള്ളത് 2,66,280 രൂപയാണ്. കൂടാതെ B 15 ഷെഡ്യൂളിൽ കുടിശ്ശിക ഇനത്തിൽ 1,520 രൂപ പിരിഞ്ഞുകിട്ടാനുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു.
11. 2016-17 വർഷത്തെ വാർഷികകണക്കിലെ B 9 ഷെഡ്യൂൾ പ്രകാരം 76,700 രൂപ ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിൽ 17-18 വർഷത്തേയ്ക്ക് അഡ്വാൻസ് കളക്ഷനുണ്ട്. തൻവർഷ ഡിമാന്റ് രജിസ്റ്റർ, I-4(b) ഷെഡ്യൂൾ എന്നിവ പ്രകാരം ഡി & ഒ ലൈസൻസ് ഇനത്തിലുള്ള തൻവർഷ വരുമാനം 1,55,000 രൂപയാണ്. 56,950 രൂപ മാത്രമേ പ്രസ്തുത അഡ്വാൻസ് കളക്ഷനിൽ നിന്നും ഈ വർഷത്തെ വരവായി ക്രമീകരിച്ചിട്ടുള്ളൂ.
12. റസീപ്റ്റ് & പേമെന്റിലെ RP 43 ഷെഡ്യൂളിൽ ഡി & ഒ ലൈസൻസ് കുടിശ്ശികയിനത്തിൽ 18,420 രൂപ വരവുണ്ട്. എന്നാൽ 16-17 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം(ബി 15 ഷെഡ്യൂൾ) പ്രസ്തുതയിനത്തിൽ കുടിശ്ശികയില്ല.
13. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ B 4 ഷെഡ്യൂളിൽ ബാലൻസ് നിൽക്കുന്ന അപ്രകാരമുള്ള തുകകളുടെ

കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

14. സമ്പൂർണ്ണ ശുചിത്വ പദ്ധതിക്കായി ലഭിച്ച തുകയുടെ നീക്കിയിരിപ്പ് B 4ഷെഡ്യൂൾ പ്രകാരം 17,98,000 രൂപയാണ്. എന്നാൽ B 17 ഷെഡ്യൂൾ പ്രകാരം പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 21,41,012 രൂപയാണ്.
15. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പിനായി തൻവർഷം ബ്ലോക്ക് വിഹിതമിനത്തിൽ 2,14,650 രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ RP 31 ഷെഡ്യൂളിൽ പ്രസ്തുത തുക വരവായി അക്കൗണ്ട് ചെയ്തിട്ടില്ല.
16. ഓഡിറ്റ് റിക്കവറി ഇനത്തിൽ രജിസ്റ്റർ പ്രകാരം തൻവർഷം 21,243 രൂപ വരവുണ്ട്. പ്രസ്തുത തുക വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
17. I-6 ഷെഡ്യൂൾ പ്രകാരം വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകൾക്ക് ചെലവഴിച്ച തുകകൾ സേവന യിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം ഇനത്തിൽ 1,20,000 രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിലും വാർഷികണക്കിൽ പ്രസ്തുത തുക അക്കൗണ്ട് ചെയ്തിട്ടില്ല.
18. I-6 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയിനത്തിലുള്ള ആകെ വരവും I-14(എ) ഷെഡ്യൂൾ പ്രകാരമുള്ള ആകെ ചെലവും കാഷ് ബുക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
19. തുക അക്കൗണ്ട് ചെയ്തപ്പോൾ ഹെഡ്സ് മാറി നൽകിയതിനാൽ B 9 ഷെഡ്യൂളിലെ 350200114-Recoveries Payable - Income tax Deducted at Source -Salaries എന്ന ശീർഷകത്തിലെ തുക കൃത്യമല്ല.
20. ബി-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

| ശീർഷകം | തുക |
|---|---|
| 350100301- Beneficiary Committe Conveners' Control Account | 4,244 |
| 350400701- Refunds Payable-Deposit Works | 1,25,048 |
| 350400101- Refunds Payable-Property Tax | 100 |

21. കുടിശ്ശികതുകകൾക്ക് തൻ വർഷം ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
22. 431910101 ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലൈബ്രറി സെസ് ഇനത്തിൽ ലഭ്യമാകുവാനുള്ള തുക, വസ്തുനികുതിയിനത്തിലെ കുടിശ്ശിക തുകയുടെ 5 ശതമാനമായല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.
23. വർക്ക് ഷീറ്റ് തയ്യാറാക്കാത്തതിനാൽ വിവിധ ആസ്തികൾക്ക് നൽകിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
24. അടിസ്ഥാന അനുപാതങ്ങൾ (Ratios) വാർഷികകണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

പൊതുഭരണം, നികുതി, നികുതി സംബന്ധമായ അപ്പീലുകൾ, ഓഡിറ്റ്, ബജറ്റ്, അക്കൗണ്ടിംഗ് ഒഴികെയുള്ള ധനകാര്യവിഷയങ്ങൾ (വാർഷിക ധനകാര്യപത്രിക) എന്നിവ കൈകാര്യം ചെയ്യുന്നതിൽ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ഇടപെടലുകളും വളരെ മെച്ചപ്പെട്ടതാണെന്ന് രേഖകളുടെ പരിശോധനയിലും നേരിട്ടും ബോധ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

നിർണ്ണായകപങ്ക് വഹിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓരോ മാസത്തിലും ഒന്നിലധികം തവണ യോഗങ്ങൾ ചേരുകയും വിഷയങ്ങൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി പഞ്ചായത്ത്കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാവുകയും വസ്തുനികുതി, തൊഴിൽനികുതി, ഡി&ഒ ലൈസൻസ്, വാടക എന്നിങ്ങനെ ഗ്രാമപഞ്ചായത്തിന് ലഭിക്കാവുന്ന എല്ലാ തനതുവരവിനങ്ങളിലൂടെയുമുള്ള വരുമാനം വർദ്ധിക്കുന്നതിന് ഇടയാവുകയു ചെയ്തു. വാർഷികപദ്ധതിക്കായി മാത്രം പഞ്ചായത്തിന്റെ തനതുവരുമാനത്തിൽനിന്നും ഏകദേശം 1.3 കോടിയിലധികം രൂപ ചെലവഴിക്കാൻ തക്കവണ്ണം വരുമാനമിച്ചം ഉണ്ടായിരുന്നു എന്നതും എടുത്തുപറയേണ്ടതാണ്. പ്രസിഡന്റ് ഉൾപ്പെടെ എല്ലാ ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും ആത്മാർത്ഥമായ പരിശ്രമവും ഒറ്റക്കെട്ടായ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ ഉണ്ടായി എന്നത് ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനമെന്ന നിലയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനവിജയമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-2 തനത് ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ വിവിധ തനത് ഫണ്ട് അക്കൗണ്ടുകളിൽ നിലവിൽ താഴെ പറയും പ്രകാരം തുകകൾ നീക്കിയിരിപ്പുണ്ട്.

| അക്കൗണ്ട് നം. | അക്കൗണ്ട് ടൈപ്പ് | ബാങ്ക് | 30.06.18ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 67376776873 | കറണ്ട് അക്കൗണ്ട് | എസ്.ബി.ഐ | 8,00,590 |
| 36817154447 | സേവിഗ്സ് അക്കൗണ്ട് | എസ്.ബി.ഐ | 12,49,134 |
| 1174 | സേവിഗ്സ് അക്കൗണ്ട് | അയ്മനം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് | 37,27,330 |
| ആകെ | | | 57,77,054 |

ഇതിൽ ഇ-പേമെന്റിനായി ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കുന്നില്ല. സേവിംഗ്സ് അക്കൗണ്ടിൽ നാമമാത്രമായ പലിശയാണ് ലഭ്യമാകുന്നത്. ആയതിനാൽ മിനിമം ബാലൻസിന് ആവശ്യമുള്ള തുക കറണ്ട് അക്കൗണ്ടിൽ നിലനിർത്തിക്കൊണ്ട് ബാക്കി തുക സേവിഗ്സ് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതും സേവിംഗ്സ് അക്കൗണ്ടിലെ ബാലൻസ് തുകയിൽ നിന്നും ഒരു നിശ്ചിത തുക (പഞ്ചായത്തിലെ ദൈനംദിന ആവശ്യങ്ങൾ കഴിഞ്ഞുള്ളത്) സ്ഥിരനിക്ഷേപമാക്കിമാറ്റി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 POS മെഷീൻ ഉപയോഗിച്ച് രസീത് ചെയ്യുന്ന തുകകൾക്ക് ബാങ്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നു. പഞ്ചായത്തിന് വരുമാന നഷ്ടം

പൊതുജനങ്ങൾക്ക് POS മെഷീൻ ഉപയോഗിച്ച് (ക്രഡിറ്റ്/ഡബിറ്റ് കാർഡ്) വിവിധ നികുതികൾ, ഫീസ് മുതലായവ അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. അപ്രകാരം രസീത് ചെയ്യുന്ന തുകകൾ ഇ-പേമെന്റിനായി ആരംഭിച്ചിട്ടുള്ള എസ്.ബി.ഐ കറണ്ട് അക്കൗണ്ടിൽ തൊട്ടടുത്ത ദിവസം (A/c no.67376776873)ക്രഡിറ്റ് ചെയ്തു വരുന്നു.എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ മെഷീൻ ഉപയോഗിച്ച് രസീത് ചെയ്യുന്ന തുകകൾക്ക് ബാങ്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | POS Machine ഉപയോഗിച്ച് റസീപ്റ്റ് ചെയ്ത തുക | റസീപ്റ്റ് നം./തീയതി | അക്കൗണ്ടിൽ വരവ് വന്ന തുക | വ്യത്യാസം |
|---|---|---|---|---|
| 1 | 2,570 | 117011100002/ | 2,542.71 | 27.29 |

| | | | | |
|---|---|---|---|---|
| | | 14.02.18 | | |
| 2 | 3,535 | 117011100004 /05.03.18 | 3,472.43 | 62.57 |
| 3 | 11,862 | 118011100001, 118011100002/ 05.04.18 | 11,706.86 | 155.14 |
| 4 | 2,981 | 118011100007/ 05.05.18 | 2,949.34 | 31.66 |
| 5 | 3,354 | 118011100008/ 15.05.18 | 3,294.63 | 59.37 |
| 6 | 4,240 | 118011100010, 118011100011/ 26.05.18 | 4,206.63 | 33.37 |
| 7 | 3,200 | 118011100014/ 18.06.18 | 3,166.02 | 33.98 |
| 8 | 435 | 118011100015/ 23.06.18 | 428.47 | 6.53 |

ഉപഭോക്താവ് ഉപയോഗിക്കുന്ന കാർഡിന്റെ തരത്തിനനുസരിച്ചാണ് ബാങ്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത്. ബാങ്ക് ഇപ്രകാരം സർവ്വീസ് ചാർജ്ജ് ഈടാക്കുമ്പോൾ വിവിധ വരവിനങ്ങളിൽ യഥാർത്ഥ ഡിമാന്റിനേക്കാൾ കുറഞ്ഞ തുകയാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്. കൂടാതെ POS മെഷീന്റെ വാടകയിനത്തിൽ എല്ലാമാസവും 472 രൂപ ബാങ്ക് ഈടാക്കുന്നുണ്ട്. 19.03.2013 ലെ G.O (RT)687/2013/LSGD നമ്പർ ഉത്തരവിൽ പഞ്ചായത്തിൽ POS Machine ഉപയോഗിച്ച് കസ്റ്റമർ അടയ്ക്കുന്ന തുകയ്ക്കൊപ്പം ബാങ്ക് ചാർജ്ജ് കൂടി ഈടാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3) മറുപടിയായി ബാങ്ക് ചാർജ്ജ് എത്രയെന്ന് അറിയുന്നതിനും ആയത് കളക്ട് ചെയ്യുന്നതിനുമുള്ള പ്രൊവിഷൻ സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതിനാൽ ടി തുക ഈടാക്കുന്നതിന് പഞ്ചായത്തിന് നിർവ്വാഹമില്ലായെന്നും ഐ.കെ.എം സോഫ്റ്റ്‌വെയറിൽ അവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ പഞ്ചായത്തിന് ടി തുക നഷ്ടപ്പെടാതിരിക്കുകയുള്ളുവെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

നിലവിൽ POS മെഷീൻ ഉപയോഗിച്ച് തുക അടയ്ക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറവാണെങ്കിലും ഭാവിയിൽ ഉയർന്നുവരുന്ന ആവശ്യകതയ്ക്കനുസരിച്ച് ഇത്തരം സാങ്കേതിക വിദ്യകളുപയോഗിച്ചുള്ള പണം സ്വീകരിക്കൽ എല്ലാ സ്ഥാപനങ്ങളിലും ആരംഭിക്കേണ്ടിവരും. കൂടുതൽ സ്ഥാപനങ്ങൾ POS Machine ഉപയോഗിച്ച് പണം സ്വീകരിക്കുവാൻ തുടങ്ങുമ്പോൾ താരതമ്യന ചെറിയ തുകകൾക്കു പോലും സർവ്വീസ് ചാർജ്ജ് ഈടാക്കുന്ന സാഹചര്യത്തിൽ ഓരോ സ്ഥാപനത്തിനും വലിയ വരുമാന നഷ്ടം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. പഞ്ചായത്തിന് നികുതി, ഫീസ് ഇനങ്ങളിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയറിലെ അപാകത മൂലം ഇത്തരത്തിൽ കുറവുണ്ടാകുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി ഐ.കെ.എം, സോഫ്റ്റ്‌വെയറിൽ അവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. മേൽ വിഷയത്തിൽ ഭരണ സമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർവ്വീസ് ചാർജ്ജിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് ബാങ്ക് അധികാരികളുമായി ആവശ്യമായ ചർച്ചകൾ നടത്തുന്നതിനും സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ഐ.കെ.എം.ന് നിർദ്ദേശം നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാനവശേഷിക്കുന്നുണ്ട്. വിവരശേഖരണം പൂർത്തിയായ 11422 കെട്ടിടങ്ങളിൽ 11407 കെട്ടിടങ്ങളുടെ ഫോറം 6 എൻട്രി പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 17551 രസീതുകളെയാണ് മാപ്പ് ചെയ്തിട്ടുള്ളത്. ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വസ്തുനികുതി കുടിശ്ശികയുൾപ്പെടെ 31.03.2018 പ്രാബല്യത്തിൽ 86 ശതമാനം പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. 3, 6, 10 വാർഡുകളിൽ വസ്തുനികുതി കുടിശ്ശിക 100 ശതമാനം പിരിച്ചെടുത്തിട്ടുണ്ട്.

## 2-5 തൊഴിൽനികുതി-അപാകതകൾ

1. 2017-18 വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററും പരിശോധിച്ചതിൽ വാസുദേവപുരം ദേവസ്വം, അയ്മനം നരസിംഹസ്വാമി ക്ഷേത്രം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 30.05.2017 ലെ II-ാം നമ്പർ തീരുമാനപ്രകാരം ഹൗസ് ബോട്ടുകളുടെ പാർക്കിംഗ് ഇനത്തിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും 26.07.17 ലെ III-ാം നമ്പർ തീരുമാനപ്രകാരം ഹൗസ് ബോട്ട് മേഖലയിൽ നിന്നും നികുതി പിരിവ്, നികുതി ലഭ്യത എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിനും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ടി തീരുമാനം അനുസരിച്ച് കോട്ടയം ജില്ലയിലെ ഹൗസ് ബോട്ട് ഉടമകളുടെ ലിസ്റ്റ് കനാൽ ഓഫീസിൽ നിന്ന് വാങ്ങി ഹൗസ് ബോട്ട് അസോസിയേഷന് നോട്ടീസ് നൽകുകയും വിവിധ ഹൗസ് ബോട്ട് ഉടമകൾക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതും ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ഇനിയും ലഭ്യമാകുവാൻ സാദ്ധ്യതയുള്ള മുഴുവൻ വരുമാനവും പിരിച്ചെടുക്കുവാനുള്ള ശ്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതുമാണ്.

## 2-6 ഡി & ഒ ലൈസൻസ് - അപാകതകൾ

2017-18 വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ശ്രീ.ജോർജ്ജ് പി.ജോൺ എന്ന വ്യക്തി "ഗ്ലോറി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന സ്ഥാപനത്തിന് ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ 140 HP കുതിരശക്തിയുള്ള യന്ത്രസാമഗ്രികൾ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തിയിൽ നിന്നും പട്ടിക III പ്രകാരം 2,000 രൂപ ഫീസായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 200 രൂപ ലൈസൻസ് ഫീസ് മാത്രമാണ് ടിയാളിൽ നിന്നും ഈടാക്കിയിട്ടുള്ളത് (രസീത് നം.11601109034 / 24.03.17).
2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31.10.2017ലെ ജി.ഒ.(പി)80/2017 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ഉത്തരവിന്റ പ്രാബല്യ തീയതി മുതൽ അപേക്ഷകൾ പരിശോധിച്ച് ലൈസൻസ് നൽകേണ്ടിയിരുന്നത് ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ മേൽ ഉത്തരവിന് ശേഷവും ലൈസൻസ് നൽകിയിട്ടുള്ളത് പഴയ ചട്ടപ്രകാരമാണെന്ന് കാണുന്നു. കൂടാതെ പുതിയ ഉത്തരവ് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയിൽ ചർച്ച നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായും കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7) മറുപടി

ലഭ്യമാക്കിയില്ല. ലൈസൻസ് ഫീസിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 2-7 ക്രമവത്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ്

തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം ക്രമവല്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | പ്ലിന്ത് ഏരിയ | ക്രമവല്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| എബ്രഹാം ഇട്ടൂപ്പ് & അന്നമ്മ ഇട്ടൂപ്പ്, ഒഴത്തിൽ, നട്ടാശ്ശേരി | 278.47 | 278.47x15= 4177 | 278.47x10= 2785 | 1392 |
| ഇ.എൻ.കേരള വർമ്മ & കെ.ശാലിനി, കമലദളം, | 186.42 | 186.42x15= 2796 | 186.42x10= 1865 | 931 |
| എബ്രഹാം, കോണിൽ | 122.95 | 122.95x7.5= 922 | 122.95x5= 615 | 307 |
| പി.വി.ബാബു & ആശാ ബാബു | 118.72 | 118.72x21= 2493 | 118.72x14= 1663 | 830 |
| ആർ.സുരേഷ് ബാബു, മാംപറമ്പിൽ | 137.31 | 137.31x5= 687 | 137.31x7.5= 1030 | 343 |
| പി.ഡി.സദാനന്ദൻ, പടിഞ്ഞാറേക്കറ്റ് | 189.95 | 189.95x10= 1900 | 189.95x15= 2849 | 949 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) അനുമതി കൂടാതെ ആരംഭിക്കുകയോ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്ന നിർമ്മാണങ്ങൾ ക്രമവത്കരിക്കുമ്പോൾ മാത്രം രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കിയാൽ മതിയാകും എന്നും നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് മാത്രം മതിയാകുമെന്നും, പെർമിറ്റ് ഫീസ് ഈടാക്കേണ്ട ആവശ്യമില്ലായെന്നുമുള്ള മറുപടിയാണ് ഹാജരാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല, ക്രമവൽക്കരണത്തിന്റെ അപേക്ഷ തീർപ്പാക്കുന്നത് ഒരു പെർമിറ്റിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ചിരിക്കേണ്ടതാണ് എന്നാണ്. ഇത് സംബന്ധിച്ച് സങ്കേതം സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിക്കുന്നതിന് ഐ.കെ.എം. മുഖാന്തിരം നടപടി സ്വീകരിച്ച് മേൽപരാമർശിച്ച പ്രകാരം ഈടാക്കിയ പെർമിറ്റ് ഫീസ് പുന:പരിശോധിച്ച് കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-8 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2017-18 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ഇ.എം.ഡി, ടെൻഡർഫീസ് എന്നീ ഇനങ്ങളിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ആകെ 96,000 രൂപയാണ് ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വേലയുടെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് | ആകെ ഫീസ് |
|---|---|---|---|---|
| 1 | ശാന്തവിലാസം ഫുട്പാത്ത് കോൺക്രീറ്റ് | 1 | 590 | 590 |
| 2 | വാസുദേവപുരം -കൊല്ലപ്പള്ളി റോഡ് കോൺക്രീറ്റ് | 2 | 590 | 1180 |
| 3 | വാസുദേവപുര-തുളസീദളം റോഡ് കോൺക്രീറ്റ് | 2 | 590 | 1180 |
| 4 | ചിറയ്ക്കൽ-ചിറയ്ക്കൽ കരോട്ട് റോഡ് കോൺക്രീറ്റ് | 1 | 590 | 590 |
| 5 | കോട്ടയിൽക്കടവ്-കാരിക്കുളങ്ങര റോഡ് കോൺക്രീറ്റ് | 1 | 590 | 590 |
| 6 | മണ്ണമാലി-ഉദയമംലം റോഡ് കോൺക്രീറ്റ് | 2 | 590 | 1180 |
| 7 | വേലാശ്ശേരി-തുണ്ടിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 1 | 590 | 590 |
| 8 | പള്ളിയാടം-പ്രാപ്പുഴ റോഡ് സോളിംഗ് &മെറ്റലിംഗ് | 2 | 1890 | 3780 |
| 9 | കുനാനിയ്ക്കൽ-കോഴിപ്പുഞ്ച റോഡ് | 2 | 950 | 1180 |
| 10 | ഗവ.എൽ.പി.സ്കൂൾ-കോഴിപ്പുഞ്ച റോഡ് കോൺക്രീറ്റ് | 4 | 590 | 2360 |
| 11 | വാതക്കോടത്ത് നടപ്പാത കോൺക്രീറ്റ് | 2 | 590 | 1180 |
| 12 | പി.ജോൺ-കല്ലുമട റോഡ് കോൺക്രീറ്റ് | 1 | 590 | 590 |
| 13 | കതിർപ്പന റോഡ് കോൺക്രീറ്റ് | 2 | 590 | 1180 |
| 14 | ഗുരുമന്ദിരം-കണ്ണമത്ര റോഡ് കോൺക്രീറ്റ് | 4 | 590 | 2360 |
| 15 | കാരിക്കുളങ്ങര-വട്ടക്കോട്ട റോഡ് കോൺക്രീറ്റിംഗ് | 2 | 590 | 1180 |
| 16 | കീഴൂപ്പീടിക റോഡ് കോൺക്രീറ്റ് | 3 | 590 | 1770 |

| | | | | |
|---|---|---|---|---|
| 17 | പാറേമാലിച്ചിറ റോഡ് കോൺക്രീറ്റ് | 3 | 830 | 1660 |
| 18 | ഇളംകാവ്-കരിപ്പുറം റോഡ് ടാറിംഗ് | 1 | 1070 | 1070 |
| 19 | കൈതകം-ഇടപ്പറമ്പ് റോഡ് കോൺക്രീറ്റ് | 1 | 590 | 590 |
| 20 | വിശ്വകർമ്മകിഴക്കഞ്ചേരി റോഡ് കോൺക്രീറ്റ് | 1 | 590 | 590 |
| 21 | ഇല്ലത്തുപടി-തത്രുയ്ക്കൽ റോഡ് കോൺക്രീറ്റ് | 2 | 590 | 1180 |
| 22 | കാറ്റാടി-മാടശ്ശേരി റോഡ് മെറ്റലിംഗ് & ടാറിംഗ് | 2 | 950 | 1900 |
| 23 | ഐക്കരശ്ശാലി-എഴുപതിൽച്ചിറ റോഡ് | 2 | 1660 | 3320 |
| 24 | കുന്നംപുറം-കോതമാട്ട് റോഡ് കോൺക്രീറ്റ് | 1 | 590 | 590 |
| 25 | പാറേകുന്നംപുറം-വേലംപറമ്പ് റോഡ് | 2 | 590 | 1180 |
| 26 | മണവത്ത്റോഡ് കോൺക്രീറ്റ് | 2 | 590 | 1180 |
| 27 | കുടയമ്പടി മടത്തിൽ റോഡ് | 2 | 590 | 1180 |
| 28 | അമ്പലം-വക്കേടത്തുപടി റോഡ് | 2 | 590 | 1180 |
| 29 | ആനക്കണ്ടം റോഡ് കോൺക്രീറ്റിംഗ് | 2 | 710 | 1420 |
| 30 | പുളിയ്ക്കപ്പറമ്പ്-കടമാട്ട് റോഡ് കോൺക്രീറ്റ് | 3 | 590 | 1180 |
| 31 | സെന്റ്ജോർജ് ചർച്ച് കോട്ടമല കോളനി റോഡ് ഫില്ലിംഗ് &കോൺക്രീറ്റിംഗ് | 2 | 590 | 1180 |
| 32 | കൊച്ചുപറമ്പ് ഫുട്പാത്ത് മണ്ണ് ഫില്ലിംഗ് | 1 | 590 | |
| 33 | പുളിയ്ക്കൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ് | 2 | 590 | 1180 |
| 34 | ഐക്കരമാലി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | 2 | 590 | 1180 |
| 35 | ഹോമിയോ ആശുപത്രി ട്രസ്സ് വർക്ക് | 4 | 590 | 2360 |
| 36 | പുളിഞ്ചുവട് പിച്ചനാട്ട് റോഡ് കോൺക്രീറ്റ് | 3 | 590 | 1770 |
| 37 | 31-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 2 | 1070 | 2140 |
| 38 | ചിറയ്ക്കൽ-ചിറയ്ക്കൽ കരോട്ട് റോഡ് കോൺക്രീറ്റിംഗ് | 1 | 590 | 1180 |
| 39 | ഇല്ലത്തുപടി അങ്കണവാടി റോഡ് കോൺക്രീറ്റ് | 1 | 590 | 590 |

| | | | | |
|---|---|---|---|---|
| 40 | വെള്ളാപ്പള്ളി ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റിംഗ് | 2 | 560 | 1120 |
| 41 | ജലനിധി ടാറിംഗ് സോൺ-1 | 2 | 2800 | 5600 |
| 42 | ജലനിധി ടാറിംഗ് സോൺ-2 | 1 | 2800 | 2800 |
| 43 | ജലനിധി കോൺക്രീറ്റ് സോൺ-1 | 4 | 2800 | 11200 |
| 44 | ജലനിധി കോൺക്രീറ്റ് സോൺ-2 | 4 | 2800 | 11200 |
| 45 | ജലനിധി കോൺക്രീറ്റ് സോൺ-3 | 4 | 2800 | 11200 |
| 46 | കടവിൽ കൺസ്ട്രക്ഷൻസ് | 1 | 1010 | 1010 |
| ആകെ | | | | 96000 |

ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട ടെൻഡർഫീ തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും ചർച്ച ചെയ്യുകയും തീരുമാനങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് പൊതുതീരുമാനമാക്കി ആയത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന മേഖലകളിൽ നടപ്പാക്കിയ വികസനപദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയോ പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഉദാഹരണമായി ക്ഷീരകർഷകർക്ക് ഉത്പ്പാദനസബ്സിഡി അനുവദിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ഗ്രാമസഭ തെരഞ്ഞെടുക്കാത്ത നിരവധി ഗുണഭോക്താക്കൾ പദ്ധതിആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. 4 പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പെട്ടിയും പറയും സ്ഥാപിക്കുന്നതിന് അൻപത് ലക്ഷത്തോളം രൂപ ചെലവഴിച്ചുകഴിഞ്ഞെങ്കിലും 3 പാടശേഖരങ്ങളിൽ നാളിതുവരെ ആയത് സ്ഥാപിക്കപ്പെട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ ഇടപെടൽ വേണ്ടത്ര ഉണ്ടായിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ചെറുകിടജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടില്ല.

### 3-2 ഇ-ടെൻഡർ-വാറ്റ് തുക സർക്കാരിലേക്കടവാക്കിയിട്ടില്ല

2015-16, 2016-17 വർഷങ്ങളിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുവേലകളുടെ ടെൻഡർഫീസിനത്തിൽ 1,25,880/-രൂപ(വാറ്റുൾപ്പെടെ) എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക്(SB A/c No-36817154447, SBT Aymanam) 12.6.18-ൽ ഓൺലൈനായി ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ വാറ്റിനത്തിൽ ഉൾപ്പെട്ട 5,290/-രൂപ നാളിതുവരെ സർക്കാരിലേക്കടവാക്കിയിട്ടില്ല. പ്രസ്തുത തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 ക്ഷീരോത്പ്പാദന സബ്സിഡി-ഗ്രാമസഭാലിസ്റ്റിലില്ലാത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചുനൽകി

| | |
|---|---|
| പ്രോ.നം. | 140/2018 |
| അടങ്കൽ | 600000/-(വികസനഫണ്ട് 400000/-<br><br>200000(ബ്ലോക്ക് വിഹിതം) |
| ചെലവ് | 600000/-( 400000/-ബിൽ നമ്പർ-, 62011/- ചെക്ക്നമ്പർ-2728084/26-2-18, 2,00,000(ബിൽ നം.137989, ചെക്ക് നം.2728086/27.3.18) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കുന്ന മേൽ പ്രോജക്ട് പ്രകാരം 97 ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ ആകെ രൂപ 6,00,000/-ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പലരും ബന്ധപ്പെട്ട പ്രോജക്ടിനായി ഗ്രാമസഭ തെരഞ്ഞെടുത്ത ലിസ്റ്റിൽ ഉൾപ്പെടാത്തവരാണെന്ന് ബോധ്യപ്പെട്ടു. പഞ്ചായത്ത്കമ്മിറ്റി അംഗീകരിച്ച അന്തിമ ഗുണഭോക്തൃലിസ്റ്റിൽ പ്രസ്തുത പ്രോജക്ടിന്റെ ഗ്രാമസഭാലിസ്റ്റിൽ ഇല്ലാത്തവരും ഗ്രാമസഭ തൻവർഷത്തെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട ഇതര പ്രോജക്ടുകൾക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളും ഉൾപ്പെട്ടുകാണുന്നു. ഗ്രാമസഭാലിസ്റ്റിലില്ലാത്ത ഗുണഭോക്താക്കളും പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭ തെരഞ്ഞെടുക്കപ്പെടാതെ ആനുകൂല്യം അനുവദിച്ചു ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് തുടർന്നുവന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം വാർഡടിസ്ഥാനത്തിൽ വ്യക്തമാക്കത്തക്ക രീതിയിൽ ഫയൽ ക്രമീകരിച്ചിട്ടില്ല. ക്ഷീരസംഘങ്ങൾ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക കൈമാറിയിട്ടുള്ളത്. ഓരോ വാർഡിലും പ്രസ്തുത പ്രോജക്ടിനായി ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണവും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വാർഡ് | ഗ്രാമസഭതെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 5 | 21 |
| 2 | - | 21 |
| 3 | - | 11 |
| 4 | 7 | 11 |
| 5 | 2 | 6 |
| 6 | - | 5 |
| 10 | - | 1 |

| | | |
|---|---|---|
| 11 | 1 | 4 |
| 12 | 2 | 3 |
| 13 | - | 5 |
| 14 | 2 | 3 |
| 15 | 4 | 5 |
| 18 | 3 | 17 |
| 19 | - | 17 |
| 20 | - | 24 |

2) പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് നടത്തേണ്ട ചുമതല വർക്കിംഗ് ഗ്രൂപ്പിനായിരുന്നെങ്കിലും പാലിക്കപ്പെട്ടില്ല.

3) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റോ സബ്സിഡി ലഭിച്ചു എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഗുണഭോക്താവിന്റെ സാക്ഷ്യപത്രമോ ലഭ്യമാക്കിയില്ല.

4) ബ്ലോക്ക് വിഹിതമായ 2,00,000/-രൂപ പദ്ധതിയിലുൾപ്പെട്ട ക്ഷീരരസഹകരണസംഘം സെക്രട്ടറിമാരുടെ അക്കൗണ്ടിലേക്ക് റ്റി.സി.ചെയ്തതായി ഫയലിൽ വ്യക്തമാക്കിയിട്ടുള്ളത് പിന്നീട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ വിവരം വ്യക്തമല്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 4) പഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ച പ്രിന്റഡ് ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ധനസഹായം വിതരണം നടത്തിയിട്ടുള്ളതെന്നും ഉത്പാദനച്ചെലവ് കുറച്ച് ക്ഷീരകർഷകരെ സ്വയംപര്യാപ്തതയിലേക്കെത്തിക്കുന്ന ഇത്തരം പദ്ധതികളുടെ ഗുണം പരമാവധി ഗുണഭോക്താക്കളിലെത്തിക്കേണ്ടതുണ്ടായിരുന്നെന്നും നിർവ്വഹണോദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകി. എന്നാൽ സെക്രട്ടറി അർഹത നിശ്ചയിച്ചതിന്റെ മാനദണ്ഡങ്ങൾ വ്യക്തമല്ല. ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചത് ക്രമപ്രകാരമല്ല എന്നതിനാൽ നിർവ്വഹണോദ്യോഗസ്ഥയായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല.
വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണ നടപടിക്രമങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തിയിരുത്തിയിട്ടില്ല കൂടാതെ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ(മൃഗസംരക്ഷണവുംക്ഷീരവികസനവും) യോഗമിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. മേൽ സാഹചര്യത്തിൽ പ്രോജക്ട് പ്രകാരമുള്ള 6,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പാടശേഖരസമിതികൾക്ക് പെട്ടി പറ വാങ്ങി നൽകൽ- സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം. | ഫണ്ടിനം | അടങ്കൽ | ചെലവ് | ചെക്ക് നം./തീയതി |
|---|---|---|---|---|
| 473/18 | വികസന ഫണ്ട്- സാധാരണ വിഹിതം | 3,06,149 | ഇല്ല | |
| | തനതുഫണ്ട് | 41,93,851 | 41,93,851 | 2739974/28.03.2018 |
| | മറ്റുള്ളവ | 4,50,000 | 4,50,000 | 2739975/28.03.2018 |

| | | | | |
|---|---|---|---|---|
| ആകെ | | 49,50,000 | 46,43,851 | |

അയ്മനം ഗ്രാമപഞ്ചായത്തിലെ മേനോങ്കരി, കല്ലുങ്കത്തറ, പുത്തുക്കരി, കൊട്ടുവത്ര എന്നീ പാടശേഖരസമിതികൾക്ക് പെട്ടി പറ വാങ്ങി നൽകുകയായിരുന്നു പ്രോജക്ട് ലക്ഷ്യം.

തനതുഫണ്ടിൽ നിന്നും വകയിരുത്തിയ തുക (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) കൃഷി ഓഫീസർക്ക് മേൽപരാമർശിച്ച രണ്ട് ചെക്കുകൾ പ്രകാരം 46,43,851 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക റയ്ഡ്കോയ്ക്ക് കൈമാറിയതായി ഫയലിൽ രേഖകളില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപെടുത്തിയപ്പോൾ തുക റെയിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ടെന്നും, ഒരു പാടശേഖരത്തിൽ പെട്ടിപറ സ്ഥാപിച്ചിട്ടുണ്ടെന്നും, 3 എണ്ണം സ്ഥാപിക്കാനുണ്ടെന്നും അവ അടിയന്തിരമായി സ്ഥാപിക്കുന്നതാണെന്നും പ്രസിഡന്റ് അറിയിച്ചു. പെട്ടിപറ വാങ്ങിയതിന്റെയും അവ പാടശേഖരസമിതികൾക്ക് കൈമാറിയതിന്റെയും രേഖകൾ(കരാറുൾപ്പെടെ) പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 46,43,851 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 വർഷം വാർഷികപദ്ധതി സംബന്ധിച്ചും ഇതരവിഷയങ്ങളുമായി ബന്ധപ്പെട്ടും പതിനഞ്ചോളം യോഗങ്ങൾ കൂടിയിട്ടുണ്ടെങ്കിലും അജണ്ടാബുക്ക്പ്രകാരമുള്ള എല്ലാ വിഷയങ്ങളും സമഗ്രമായ ചർച്ചകൾക്ക് വിധേയമാക്കി തീരുമാനങ്ങളെടുത്തിട്ടുള്ളതായി കാണുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗവികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാപ്രവർത്തനം ദാരിദ്ര്യനിർമ്മാർജ്ജനം, പൊതുവിതരണ സമ്പ്രദായം എന്നീ മേഖലകൾ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. എന്നാൽ മിക്കവാറും മീറ്റിംഗുകളിലും വിവിധ സാമൂഹ്യസുരക്ഷാപെൻഷനുകൾക്ക് അർഹരായ ഗുണഭോക്താക്കളുടെയും അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കപ്പെടുന്നവരുടെയും വിവരങ്ങൾ ചർച്ച ചെയ്തിട്ടുള്ളതായി മാത്രമാണ് മിനിറ്റ്സിലെ രേഖപ്പെടുത്തലുകളിൽനിന്നും വ്യക്തമാകുന്നത്. 15.7.2017-ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ചൈൽഡ് ഫ്രണ്ട്‌ലി ടോട്ടൽ ഗവേണൻസിന്റെ ഭാഗമായി പഞ്ചായത്തിനെ ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റാൻ നടപ്പാക്കേണ്ട വിവിധങ്ങളായ പത്തോളം പദ്ധതികൾ സംബന്ധിച്ച് വിശദമായ ചർച്ചകളും ക്ലാസ്സുകളും നടത്തപ്പെട്ടുവെങ്കിലും പ്രസ്തുത പദ്ധതി നിർദ്ദേശങ്ങളൊന്നുംതന്നെ പൊതുചർച്ചകൾക്ക് വിധേയമാക്കി തുടർന്നുവരുന്ന വാർഷികപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസിഡന്റ് കൺവീനറായി ജാഗ്രതാസമിതി രൂപീകരിക്കുകയും ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തി ആയവ പരിഹരിക്കുന്നതിന് ആഴ്ചയിലൊരിക്കൽ വനിതാപോലീസിന്റെ സേവനമുൾപ്പെടെയുള്ള പ്രത്യേക സംവിധാനങ്ങൾ ഗ്രാമപഞ്ചായത്തിലൊരുക്കിയിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങളിലും നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള മറ്റെല്ലാ വിഷയങ്ങളിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-6-1 അങ്കണവാടി കെട്ടിടനിർമ്മാണം- വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹിച്ച അങ്കണവാടി കെട്ടിടനിർമ്മാണം- വിഹിതം നൽകൽ എന്ന പ്രോജക്ട് (നം.247/18) പ്രകാരം താഴെ പറയുന്ന അങ്കണവാടികളുടെ നിർമ്മാണത്തിന് പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ 17,40,000 രൂപ ഒടുക്കിയിട്ടുണ്ട്(ബിൽ നം.17080252004900711505, 22.11.2017)

1. വാർഡ് III- അംഗനവാടി നം. 28, കല്ലുങ്കത്ര

2. വാർഡ് IV- അംഗനവാടി നം. 49, വാഴക്കാമറ്റം

3. വാർഡ് XVII- അംഗനവാടി നം. 52, പള്ളിക്കവല

കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം ആരംഭിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നതായി സെക്രട്ടറി അറിയിച്ചു. കെട്ടിടനിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം

ലഭ്യമാകുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 17,40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6-2 അങ്കണവാടികളുടെ ഭൗതികസാഹചര്യം

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 36 അങ്കണവാടികളിൽ സ്വന്തമായി കെട്ടിടം ഉള്ളത് 13 എണ്ണത്തിനാണ്. 2 അങ്കണവാടികളുടെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിന് ഭൂമി ലഭ്യമായ 3 അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിനുവേണ്ടിയാണ് തുക ഇപ്പോൾ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. എല്ലാ അങ്കണവാടികൾക്കും കറന്റ് കണക്ഷൻ ഉണ്ടെങ്കിലും 3 അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ഇല്ല(അങ്കണവാടി നം.38,55,31). എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച നൽകുന്നതിനും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ആശ്രയപദ്ധതി- ഫണ്ട് വിനിയോഗം ഫലപ്രദമല്ല

ഗ്രാമപഞ്ചായത്തിൽ ആശ്രയപദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ നിലവിലുണ്ട്. 41 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി 2008-09 ൽ ആരംഭിച്ച് 2012-13ൽ അവസാനിച്ച ഒന്നാം ഘട്ട പദ്ധതി പരിഷ്കരിച്ച് സർക്കാർ അംഗീകാരം നേടിയിട്ടില്ല. കുടുംബശ്രീ മിഷനിൽ നിന്നും 15,00,000/- രൂപ ചലഞ്ച് ഫണ്ടായും വികസനഫണ്ടിനത്തിൽ 640000/- രൂപയും ഒന്നാം ഘട്ടത്തിൽ ലഭിച്ചു. ഇതിൽ 1,20,000/- രൂപ മാത്രമാണ് ചെലവഴിച്ചത്(ഇതു സംബന്ധിച്ച പരാമർശം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഉള്ളതാണ്- ഖണ്ഡിക 3-8). ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ആശ്രയറേഷൻ വിതരണം, പോഷകാഹാരകിറ്റ് വിതരണം എന്നിവയാണ് തൻവർഷവും നടപ്പാക്കിയിട്ടുള്ളത്. 2014-17 കാലയളവിലേയ്ക്കായി തയ്യാറാക്കി അംഗീകാരം നേടിയ രണ്ടാം ഘട്ട പദ്ധതിക്ക് 9,00,000 രൂപ വികസനഫണ്ടും 9,68,482/- രൂപ കുടുംബശ്രീ മിഷനിൽ നിന്നും ചലഞ്ച് ഫണ്ടായും നാളിതുവരെ ലഭിച്ചിട്ടുണ്ട്. ഇതിൽ പ്ലാൻ ഫണ്ട് 70,000 രൂപയും ചലഞ്ച് ഫണ്ട് 1,95,109 രൂപയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് എന്നീ സേവനങ്ങൾക്ക് അർഹതയുള്ള നിരവധി ഗുണഭോക്താക്കൾ ഉണ്ടെങ്കിലും പ്രസ്തുത സേവനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എസ്.ബി.ഐ. അയ്യനം ശാഖയിലുള്ള ആശ്രയപദ്ധതി അക്കൗണ്ട് (A/C NO.57052232053) പാസ്സ് ബുക്ക്, പദ്ധതിയുടെ കാഷ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 19.07.2018ൽ 36,75,852 രൂപ നീക്കിയിരിപ്പുണ്ട്. ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി- അവലോകനം

പദ്ധതി മോണിറ്ററിംഗിന്റെ ഭാഗമായി പാലിയേറ്റീവ് കെയർപദ്ധതിയുടെ നടത്തിപ്പ് വിശകലനം ചെയ്യുകയും അർഹരായ കൂടുതൽ വ്യക്തികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് നടപ്പാക്കുന്ന മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ അവലോകനം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എല്ലാ യോഗങ്ങളിലും നടത്തുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് നിർദേശങ്ങൾ കമ്മിറ്റി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 4 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നടപ്പാക്കിയിട്ടുണ്ട്. അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 3 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് തുക കൈമാറുന്നതടക്കമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 3-9 ആയുർവേദ മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം- 11/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ്-3,00,000/-

മേൽ പ്രോജക്ട് പ്രകാരം 3,00,000 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്(അക്കൗണ്ട് നം.5913005900000015, പഞ്ചാബ് നാഷണൽ ബാങ്ക്, കുട്ടനെല്ലൂർ ശാഖയിലേക്ക് 27.02.2018ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു). എന്നാൽ നാളിതുവരെ 1,76,850 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ലഭിക്കാത്ത മരുന്നുകളുടെ വിലയായ 1,23,150/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-10 നിക്ഷേപപ്രവൃത്തികൾ--വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

തൻവർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ചുവടെ ചേർക്കും പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ബന്ധപ്പെട്ട നിർവ്വഹണസ്ഥാപനം/ഏജൻസികൾക്ക് കൈമാറി നൽകിയിരുന്നെങ്കിലും ഓഡിറ്റ് തീയതി വരെ പ്രവൃത്തി പൂർത്തീകരിച്ച് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | കൈമാറിയ തുക | ചെക്ക് നമ്പർ/ബിൽ നം. | നിർവ്വഹണ സ്ഥാപനം |
|---|---|---|---|---|
| 460/18 | വൈദ്യുത ലൈൻ നീട്ടൽ | 15,00,000(വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) | ട്രാൻസ്ഫർ ക്രഡിറ്റ് അക്കൗണ്ട് നം.67045160396, തീയതി 21.02.18 | കെ.എസ്.ഇ.ബി. |
| 2 | വിരിപ്പുകാല വിതരണലൈൻ കവണാറ്റിൻകര വിതരണലൈനുമായി ബന്ധിപ്പിക്കൽ | 2,90,000(തനതുഫണ്ട്) | 789305/12.4.17 | വാട്ടർ അതോറിറ്റി |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 17,90,000 രൂപയുടെ (15,00,000+2,90,000)ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1.പ്രോജക്ട് നം.217/18-പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ

ചെലവ്- 1,00,000

ഫണ്ട്-സംരക്ഷണ ഗ്രാന്റ്(റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

25.10.2017 ലെ PRF1653 നമ്പർ പ്രഫർമ ഇൻവോയിസ് പ്രകാരം പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് 1,00,000 രൂപ 06.01.18ൽ മാറ്റി നൽകിയിട്ടുണ്ട്(A/c no.3624001800000019). എന്നാൽ ഫയൽ പരിശോധിച്ചതിൽ കാരുണ്യ മെഡിസിൻ ഡിപ്പോയുടെ 362/09.04.2018 നമ്പർ ഇൻവോയിസ് പ്രകാരം 32,952 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചതായി കാണുന്നത്. ബാക്കി 67,048 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാകുവാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12) മറുപടിയായി ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 67,048 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പ്രോജക്ട് നം.108/18-ജീവിത ശൈലി രോഗങ്ങളുടെ പരിശോധന (മൊബൈൽ യൂണിറ്റ് )

ചെലവ്- 1,14,978

ഫണ്ട്-വികസന ഫണ്ട്(പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പ്രസ്തുത പ്രോജക്റ്റിന്റെ നടത്തിപ്പിനായി പല തവണകളായി ക്വട്ടേഷൻ ക്ഷണിച്ച് താഴെ പറയും പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഉപകരണം | എണ്ണം | ക്വട്ടേഷൻ നോട്ടീസ് നം./തീയതി | നൽകിയ തുക | സ്ഥാപനം |
|---|---|---|---|---|---|
| 1 | Digital BP Apparatus | 8 | 1232/2017/ 11.12.17 | 14,784 | J.K.MEHTA&SONS |
| 2 | Glucometer<br>Glucometer Strips and lancets<br>ABSORBANT COTTON | 8<br>1800 each<br>8 | 1233/2017/ 11.12.17 | 19,584<br>878 | J.K.MEHTA&SONS |
| 3 | Digital BP Apparatus | 21 | 17/2018/ 17.01.18 | 38,808 | J.K.MEHTA&SONS |
| 4 | Glucometer<br>Glucometer Strips and lancets<br>ABSORBANT COTTON | 16<br>3600 each<br>16 | 18/2018/ 17.01.18 | 39,168<br>1,756 | J.K.MEHTA&SONS |

ആയതിലേക്കായി J.K.MEHTA & SONS എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് 1,14,978 രൂപ 08.03.18 ൽ മാറ്റി നൽകിയിട്ടുണ്ട്( A/c No.337005040050042).

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഒരു വർഷത്തേക്കുള്ള ഉപകരണങ്ങളുടെ ആകെ ആവശ്യകത നിർണ്ണയിച്ച് ഒരുമിച്ച് വാങ്ങിക്കാതെ പലതവണകളായാണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് കാണുന്നു. 1,14,978 രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് പത്ര പരസ്യം നൽകുകയോ ടെണ്ടർ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. ഒരേ ഉപകരണങ്ങൾ തന്നെ ഒന്നിൽക്കൂടുതൽ തവണ ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ക്വട്ടേഷനുകളിലെല്ലാം കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത J.K.MEHTA & SONS എന്ന സ്ഥാപനത്തിൽ നിന്നാണ് എല്ലാ വാങ്ങലുകളും നടത്തിയിരിക്കുന്നത്. എല്ലാ ഉപകരണങ്ങളുടേയും അവശ്യകത നിർണ്ണയിച്ച് ഒരുമിച്ച് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിൽ ഇതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്യുവാനുള്ള സാദ്ധ്യത നിലനിന്നിരുന്നു. കൂടാതെ ടെണ്ടർ ഫോറം വിലയിനത്തിലുള്ള തുകയും പഞ്ചായത്തിന് വരുമാനമായി ലഭിക്കുമായിരുന്നു. പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ മേൽ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് കമ്മിറ്റി തീരുമാനങ്ങളൊന്നും എടുത്തതായും കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ടി പദ്ധതി അടിയന്തിരമായി നടപ്പാക്കുവാൻ ഭരണസമിതി നിർദ്ദേശിച്ചതിനാലും വിവിധ തരത്തിലുള്ള ഉപകരണങ്ങളായതിനാലാണ് ഇപ്രകാരം പ്രത്യകം ക്വട്ടേഷൻ ക്ഷണിച്ചതെന്നും ഭാവിയിൽ ഇത്തരം പർച്ചേസുകൾ നടത്തുമ്പോൾ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ഭാവിൽ ഇത്തരം വാങ്ങൽ നടപടികൾ പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതി നടത്തിപ്പ് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## 3-12 ജലനിധി

എ) ജലനിധി- പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിട്ടില്ല

ജലനിധി പദ്ധതിക്കുവേണ്ടി ഗ്രാമപഞ്ചായത്തുവിഹിതമായി നാളിതുവരെ 75,82,394/-രൂപ ജലനിധിക്ക് കൈമാറിയിട്ടുണ്ട്. വിതരണപൈപ്പ്ലൈൻ 80% സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളതായി ജലനിധിയുടെ കണക്കുകൾ വ്യക്തമാക്കുന്നു. വാട്ടർ അതോറിറ്റി ലഭ്യമാക്കുന്നവെള്ളം സ്റ്റോർ ചെയ്യാനായി മുടങ്ങിപ്പോയ അയ്യനം

കുടിവെള്ളപദ്ധതിക്കായി പണികഴിപ്പിരുന്ന സംഭരണടാങ്കിന്റെ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ജലഅതോറിറ്റിയുമായി വെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച് നാളിതുവരെ ഗ്രാമപഞ്ചായത്ത് കരാർവച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട 25 വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 8.5.2015ൽ ജലനിധിയും വാട്ടർ അതോറിറ്റിയും തമ്മിലുണ്ടാക്കിയ ധാരണാപത്രത്തിലെ 8-ാംവ്യവസ്ഥ അനുസരിച്ച് വാട്ടർ അതോറിറ്റിയുടെ വിതരണശൃംഖല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും തമ്മിൽ അസറ്റ് ട്രാൻസ്ഫർ മെമ്മോറാണ്ടം ഒപ്പുവയ്ക്കേണ്ടതുമാണ്. ധാരണാപത്രത്തിലെ 1 മുതൽ 24 വരെയുള്ള വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ A4 എഗ്രിമെന്റ് വയ്ക്കണമെന്നാണ് 25-ാം വ്യവസ്ഥ യിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ഇപ്രകാരം വാട്ടർ അതോറിറ്റിയുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.2.18ൽ കൂടിയ യോഗത്തിൽ ജലനിധിയുടെ കുടിവെള്ളവിതരണത്തിനുവേണ്ടി വാട്ടർ അതോറിറ്റിയുമായി A4കരാർ ഉടനെ വയ്ക്കണമെന്നും കാലതാമസമുണ്ടെങ്കിൽ പൈപ്പിടീൽ നിർത്തിവയ്ക്കണമെന്നും നിരദ്ദേശിച്ചുതീരുമാനിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിഷയം പഞ്ചായത്തുകമ്മിറ്റിയിൽ അവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് വാട്ടർ അതോറിറ്റിയുമായി കരാർ വയ്ക്കുന്നതിന് നിലവിലുള്ള ചില സാങ്കേതിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുമെന്നും വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കുന്നതിനും പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട പ്രസിഡന്റ് അറിയിച്ചു.

ബി) നാളിതുവരെയുള്ള വരവുചെലവ് കണക്ക്

2013-14ൽ ആരംഭിച്ച ജലനിധിപദ്ധതിയുടെ കീഴിൽആകെ 3954 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നാളിതുവരെയുള്ള വരവുചെലവുകണക്കുകൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് തരം | വരവ് | ചെലവ് |
|---|---|---|
| ഗുണഭോക്തൃ വിഹിതം | 76,54,920 | 50,54,930 |
| പഞ്ചായത്ത് അനുവദിച്ച വിഹിതം | 1,67,60,587 | 75,82,394 |
| സർക്കാർവിഹിതം | 3,79,11,972 | 3,79,11,972 |

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 30.10.2017 | 2,00,000 | ക്ഷീരോല്പാദന സബ്സിഡി | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 30.10.2017 | 2,14,650 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,14,650 | 0 |
| ജില്ലാ പഞ്ചായത്ത് | 19.01.2018 | 3,43,750 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 3,43,750 |
| ജില്ലാ പഞ്ചായത്ത് | 23.01.2018 | 23,00,000 | കിണർ റീചാർജ്ജ് | 0 | 23,00,000 |
| ജില്ലാ പഞ്ചായത്ത് | 24.03.2018 | 7,00,000 | കിണർ റീചാർജ്ജ് | 0 | 7,00,000 |
| ജില്ലാ പഞ്ചായത്ത് | 23.03.2018 | 75,48,200 | ലൈഫ് ഭവന പദ്ധതി | 0 | 75,48,200 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻ നീട്ടൽ | 15,00,000 | 0 | 15,00,000 | |
| പി.ഡബ്ല്യു.ഡി | അങ്കണവാടി നിർമ്മാണം | 17,40,000 | 0 | 17,40,000 | |
| വാട്ടർ അതോറിറ്റി | വിരിപ്പുകാല വിതരണലൈൻ കവണാറ്റിൻകര വിതരണ ലൈനുമായി ബന്ധിപ്പിക്കൽ | 2,90,000 | 0 | 2,90,000 | പ്രസ്തുത പ്രവൃത്തിക്കുവേണ്ടി തനതുഫണ്ടിൽ നിന്നും പ്രോജക്ട് പ്രകാരമല്ലാതെയാണ് തുക കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ളത്. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവ് ചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇനത്തിൽ തൻവർഷം ലഭിച്ച 21,243/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2001-2002 | 2.2 | 5,160 | യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചേഴ്സ് എഡ്യൂക്കേഷൻ (തൊഴിൽനികുതി) | 117010102625/ 13.09. 2017 |
| 2007-08 | 2.1 | 3,002 | സജീവ്, ഇളംഹൗസ്, നാട്ടകം | 117010101296/ 24.06.18 |
| 2016-17 | 3.1 | 13,081 | പ്രോജക്ട് എഞ്ചിനിയർ, നിർമ്മിതി | 117010500013/ 15.09.17 |
| ആകെ | | 21,243 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3-1 | 2004-05 | 2-4 | കളിസ്ഥലം നിർമ്മാണത്തിൽ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ്. |
| 1999-2000, 2001-02 | 17 | 2004-05 | 2-4 p.42 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ്. |
| 2014-15 | | 2012-13 | 4.1.5,p.26 | നിഷ്ക്രിയാസ്തികൾ -വനിതാ വ്യവസായകേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ്. |
| 2014-15 | 3-13 | 2013-14 | 4.1.7.p.33 | കുടിവെള്ള പദ്ധതികൾ. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2008-09 | 3-7 | 8,390 | ശ്രീമതി സോണിയ പി.മാത്യു | തുക അടവാക്കിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,25,73,899.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,56,13,608 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 89,64,049 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 6,00,000 | ശ്രീമതി രേവതിക്കുട്ടി കെ.ആർ., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-4 | 46,43,851 | ശ്രീ.സുബാഷ് എസ്.എസ്., കൃഷി ഓഫീസർ |
| 3-6-1 | 17,40,000 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 3-9 | 1,23,150 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 3-10 | 17,90,000 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 3-11 | 67,048 | ഡോ.അമ്പിളി ടോം, മെഡിക്കൽ ഓഫീസർ |
| ആകെ | 89,64,049 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രേവതിക്കുട്ടി കെ.ആർ., ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, അയ്മനം ഗ്രാമപഞ്ചായത്ത് | കുന്നംപുറത്ത്, മരങ്ങാട്ടുപിള്ളി പി.ഒ.-686635 |
| ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി | സെക്രട്ടറി, അയ്മനം ഗ്രാമപഞ്ചായത്ത് | അർക്കേന്ദു വിഹാർ, പുന്നാംപറമ്പിൽ ലെയിൻ, യൂണിയൻ ക്ലബ്, കോട്ടയം |
| ശ്രീ.സുബാഷ് എസ്.എസ്. | കൃഷി ഓഫീസർ, അയ്മനം ഗ്രാമപഞ്ചായത്ത് | എസ്.എസ്.നിവാസ്, ചെമ്പകംനിന, കാഞ്ഞിരംകുളം പി.ഒ., തിരുവനന്തപുരം-695524 |
| ഡോ.അമ്പിളി ടോം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.അയ്മനം | പള്ളിക്കുന്നേൽ, നെച്ചിപ്പുഴൂർ പി.ഒ., പാലാ-686524 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 99-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ.പി.10/1291/11/16.6.12 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി.4/65/06/26.12.06 |

| | |
|---|---|
| 96-97 വരവ് | എൽ.എഫ്.കെ.പി.4/509/07/26.7.07/1.10.07 |
| 98-99 വരവ് | എൽ.എഫ്.കെ.പി.4/511/07/5.10.09/6.11.09 |
| 01-02 വരവ് | കെ.എസ്.എ.കെ.ടി.എം.പി9(അദാ.18)54(2)/18/31.01.18 |
| 02-03 വരവ് | എൽ.എഫ്.കെ.പി.4/150/09/6.10.09/6.2.10 |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(3)/18/31.01.18 |
| 06-07 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(7)/18/31.01.18 |
| 07-08 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(8)/18/31.01.18 |
| 08-09 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(9)/18/31.01.18 |
| 09-10 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(10)/18/31.01.18 |
| 10-11 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(11)/18/31.01.18 |
| 11-12 വരവുചെലവ് | എൽ.എഫ്.കെ.പി.10/561/13/06.11.13 |
| 12-13 വരവുചെലവ് | എൽ.എഫ്.കെ.പി.10-504/15/28.05.15 |
| 13-14 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/256/15/16.02.16 |
| 2014-15 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/1074/17/25.01.18 |
| 2015-16 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/464/2017/29.5.17/01.06.17 |
| 2016-17 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/112/2018/29.5.17/29.01.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി10/1439/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 14.08.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം